# വർണം



**SJBHSS NEDUMKUNNAM**

# എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അവരു ടെ പ്രവർത്തനഭാഗമായി തയാറാക്കിയ വിവരസാങ്കേതിക വിദ്യയുടെ ഒരു ഡിജിറ്റൽ വിഭവമാണ് ......."വർണം". കുട്ടികളുടെ മികവ് തെളിയിക്കുന്ന പ്രവർത്തനമാണ് ഇത്.വിവിധ ക്ളാസ്സിലെ കുട്ടികളുടെ രചനകളെ ആണ് ഇതിൽ ഉൾപ്പെടുത്തി ഇരിക്കുന്നത്. കുട്ടികളുടെ സാങ്കേതികവിദ്യയിലുള്ള കഴിവും അഭിരുചിയും തിരിച്ചറിഞ്ഞു അവരെ അവരെ സർഗാത്മക വ്യക്തിത്വത്തിനുടമകളാക്കാൻ സഹായിക്കുന്ന ഒരു സംരംഭമാണിത്.

## ഉള്ളടക്കം

എഡിറ്റോറിയൽ..........2
പൂന്തോട്ടം..........4
മെമ്മറി ട്രിക്സ്..........5
പാലിൻഡ്രോംസ്..........6
ഞാനെന്തുകൊണ്ട് വെളിച്ചത്തെ സ്നേഹിച്ചില്ല ?..........7
My Dearest Mother..........8
കരുണ..........9
പ്രകൃതി സമ്പന്നമായ നമ്മുടെ കേരളം..........10

# പൂന്തോട്ടം

പൂവിനുമുണ്ട് കഥപറയാൻ
പൂവിളി കേൾക്കാൻ ഞാനുണ്ട്
ഓരോ പുലരിയും വരവേൽക്കാൻ
പൂക്കളുമുണ്ടേ ഞാനുണ്ടേ



പൂവിൻ തേൻ കുടിക്കാനായ്
വണ്ടുകളുണ്ടേ  ഞാനുണ്ടേ
പൂവിൻ ചന്തം കണ്ടറിയാൻ
പൂങ്കുയിലുണ്ടേ ഞാനുണ്ടേ

പൂത്തുമ്പികളും വരവുണ്ടേ
പൂമ്പാറ്റകളും വരവുണ്ടേ
പൂമാനത്തിന് വിരുന്നൊരുക്കാൻ
പൂന്തോട്ടത്തിൽ നീ വരുമോ

പുത്തൻ പുടവയുടുത്തു ഞാൻ
പൂക്കൾ ചൂടി നടന്നു ഞാൻ
പൂക്കളിറുത്തു നടന്നു ഞാൻ
വർണ്ണ പൂക്കളുമുണ്ടാക്കാൻ

By, Joel John
VIll D

# മെമ്മറി ട്രിക്സ്

* തകഴിയുടെ പ്രധാനകൃതികൾ

അനുഭവങ്ങൾ പാളിച്ചകളായ
ഓർമ്മയുടെ തീരങ്ങളിൽ
ഇരുന്നപ്പോൾ രണ്ടിടങ്ങഴി
ചെമ്മീനുമായി തോട്ടിയുടെ
മകൻ ഏണിപ്പടികൾ
കയറിവരുന്നത് കണ്ടു

* അനുഭവങ്ങൾ പാളിച്ചകൾ
* ഓർമ്മയുടെ തീരങ്ങളിൽ
* രണ്ടിടങ്ങഴി
* ചെമ്മീൻ
* തോട്ടിയുടെ മകൻ
* ഏണിപ്പടികൾ
* കയർ



ബാലാമണിയമ്മയുടെ പ്രധാന കൃതികൾ

അമ്മു മാസ്ക ധരിച്ചു

*അ – അമ്മ

*മു - മുത്തശ്ശി

*മാ - മാതൃഹൃദയം

*സ് - സ്ത്രീഹൃദയം

By Shone Varghese 6B

# പാലിൻഡ്രോംസ്

വലത്തുനിന്ന് ഇടത്തോട്ടായാലും ഇടത്തുനിന്ന് വലത്തോട്ടായാലും ഒരുപോലെയുള്ളത്

| വാക്കുകൾ | സംഖ്യകൾ |
|---|---|
| Malayalam | 11 |
| Pop | 202 |
| Eye | 3003 |
| Mom | 40004 |
| Dad | 51515 |
| Level | 4224 |
| Refer | 1001 |
| Noon | 112211 |
| | 2234322 |

## വാക്യങ്ങൾ

* Able was I ere I saw Elba
* Madam I'm Adam
*you can cage a swallow, can't you? But you can't swallow aa cage, can you?

By Bibin Thomas
6B

# ഞാനെന്തുകൊണ്ട് വെളിച്ചത്തെ സ്നേഹിച്ചില്ല ?



ജീവിതത്തിൽ ഇരുൾ മൂടി കിടക്കുന്ന അവസ്ഥ: ആരും ഒരു വെളിച്ചം പോലും കാണിക്കാൻ മനസ്സുകാണിക്കുന്നില്ല. പിന്നെ ഞാൻ തന്നെ അലോചിക്കാൻ തുടങ്ങി എന്തുകൊണ്ട് ഞാൻ വെളിച്ചത്തെ സ്നേഹിച്ചില്ലയെന്ന് ?

അത് ഉത്തരം കണ്ടെത്താൻ പ്രയാസമുള്ള ഒരു ചോദ്യം ആയിരുന്നില്ല. കാരണം ഞാൻ തന്നെ ആണ് പ്രകാശത്തെ തടഞ്ഞു വച്ചിരിക്കുന്നതും. ആ പ്രകാശം എന്നെ സ്നേഹിച്ചപ്പോഴെല്ലാം ഞാൻ പ്രകാശത്തെ വെറുത്തു പിന്നെയാണ് ഞാൻ മനസ്സിലാക്കിയത് എന്നെ വളർത്തിയത് പ്രകാശം ആയിരുന്നു എന്ന്. പിന്നെ ഞാൻ സ്നേഹിക്കാൻ തുടങ്ങി അതിന്റെ സ്നേഹം ഞാൻ നുകർന്നു അപ്പോഴാണ് ലോകത്തിന്റെ അർത്ഥം സ്നേഹം ആണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്.

By Prince Johnson
lX C

# My Dearest Mother




Mother is the universal love.
She is an angel for me.
Mother is the happines
behind all my joys.

Mother is an enchanting
lamp. Kept at the
Corridoor of my life.
Mother is an angel
Mother is an angel....

By Aswin P Biju
lX C

# കരുണ



കരുതലിൽ പേരാണ കരുണ
കർമങ്ങൾ കൊണ്ടതു കാട്ടേണം
കനിവോടെ കാണവാനാവേണം
കദനം തുളുമ്പുന്ന മനസ്സുകളെ

കരുതലം കൊണ്ടു തടവിടേണം
കരബലം കൊണ്ടു സഹായിക്കണം
കരുതുന്ന സ്നേഹമൊഴുക്കിടേണം
കരുണതൻ ചൈതന്യവഴിയിലൂടെ

കനിയുന്ന നനവുള്ള നൊമ്പരത്തെ
കാണാതെ പോകവാനാകില്ല
കരുണ ലഭിക്കുമെങ്കിൽ നാമും
കരുണ കാട്ടേണമെന്നവനരുളി

By Josey Joseph
lX C

# പ്രകൃതി സമ്പന്നമായ നമ്മുടെ കേരളം

പ്രകൃതിഭംഗികൊണ്ടും വ്യക്തിശുചിത്വംകൊണ്ടും ദൈവത്തിന്റെ കയ്യൊപ്പ് നേടിയ പുണ്യഭൂമിയാണ് കേരളം. ദൈവത്തിന്റെ സ്വന്തം നാട് എന്ന ആപ്തവാക്യത്തിന് വളരയേറെ പ്രസക്തിയുണ്ട്. തെളിനീരൊഴുകുന്ന പുഴകളും പച്ചപ്പുകൊണ്ട് മൂടിയ നെൽപാടങ്ങളും വിടർന്ന വർണ്ണരസമാർന്ന നിൽക്കുന്ന പൂക്കളും നീലകുറിഞ്ഞികൾ പൂക്കുന്ന മാമലകളും നിറഞ്ഞ പ്രകൃതിരമണീയമായൊരു സംസ്ഥാനമാണിത് എന്നതിൽ കേരളീയരായ നമ്മുക്കഭിമാനിക്കാം.

നിരവധിയായ സവിശേഷതകളാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വേറിട്ടു നിൽക്കുന്ന സംസ്ഥാനമാണ് നമ്മുടെ കൊച്ചുകേരളം. ഉയർന്ന സാക്ഷരതാ നിലവാരം, ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും നേടിയ അസൂയവഹമായ നേട്ടം, എപ്പോഴും ഹരിതവർണ്ണ പ്രഭതൂകിയ പ്രകൃതി, ഏതു സംസ്കാരത്തെയും ഉൾക്കൊള്ളാനുള്ള സന്നദ്ധത, ഏതു സാഹചര്യത്തേയും ഏതു വേദനകളെയും ഒറ്റകൈയ്യോടെ നേരിടാനുള്ള സ്ഥാനം നേടി കൊടുത്തത്. പുഞ്ചവയൽ പാടങ്ങളാലും വനങ്ങളാലും തെങ്ങിൻതോപ്പുകളാലും നദികളാലും ജലസമൃദ്ധിയാലും വികസനോൻമുഖമാണ് നമ്മുടെ കേരളം.

കേരളത്തിന്റെ മനോഹാരിത വിളിച്ചോതുന്ന ഒരു പ്രധാനപ്പെട്ട ഭാഗമാണ് പശ്ചിമഘട്ട മലനിരകൾ. ഭൂമിയുടെ ഏറ്റവും പഴക്കമുള്ള ആ പാറക്കെട്ടുകളിലാണ് കേരളത്തിന്റെ വന്യസമ്പത്തു കൂടുതലുള്ളത്. കാടുകളും കടവുകളും കൊണ്ടു നിറഞ്ഞതാണ് നമ്മുടെ കേരളം. ഒരുകാലത്ത് മുഴുവൻ വനമായിരുന്ന കേരളത്തിൽ ഇപ്പോൾ ഇവ വെട്ടിനശിപ്പിച്ച് നാടിന്റെ മനോഹാരിത നഷ്ടമാക്കിയിരിക്കുന്നു. ധാരാളം പ്രശ്നങ്ങൾ ഇന്നു നമ്മൾ നേരിടേണ്ടി വരുന്നു. ഇതിനു വലിയൊരു ഉദാഹരണമാണ് 2018 ആഗസ്റ്റ് 16 മുതൽ 28 വരെ നമ്മെ നടുക്കിയ മഹാപ്രളയം. കേരളചരിത്രത്തിൽ വേദനയുടെയും ദുരിതങ്ങലുടെയും കറുത്തനാളുകലിൽ ആഴത്തിൽ അടയാളപ്പെടുത്തുകയാണ് 2018 മഹാപ്രളയം. സമൂഹം ഒറ്റക്കെട്ടായി


വർണം

പ്രളയത്തെ പൊരുതി തോൽപ്പിച്ച് സ്ഥിതിഗതികൾ ഏറെക്കുറെ നിയന്ത്രണവിധേയമാക്കിവരുന്നു. പ്രളയവും അത് ബാക്കി വച്ച നാശനഷ്ടങ്ങളും നൂറ്റാണ്ടുകൾതോറും ആവർത്തിക്കപെടുന്ന പ്രകൃതി ദുരന്തത്തിന്റെ അനിവാര്യമായ ഫലങ്ങൾ മാത്രമാണെന്നും അതല്ല അവയൊക്കെ മനുഷ്യൻ പ്രകൃതിയോട് ചെയ്തുകൊണ്ടിരിക്കുന്ന അപരാധങ്ങൾക്കുള്ള മറുപടിയാണെന്നും ഉള്ള വാദ്ഗതികൾ ഉയർന്നു വരുന്നു.

നമ്മൾക്കൊരുത്തർക്കും പ്രൃതിയെ സംരക്ഷിക്കാൻ കടമയുണ്ട് നാം അധിവസിക്കുന്ന ഭൂമിയിൽ ഓരോ ജീവജാലങ്ങളിലും ജീവന്റെ തുടിപ്പുകൾ അവശേഷിക്കുന്നു, അതിനെ നശിപ്പിക്കുകയല്ല വളർത്തുകയാണ് വേണ്ടത്. പ്രകൃതി സമ്പന്നമായ മലയാളക്കരയെ ഓർത്ത് അഭിമാനിക്കാനും ഒപ്പം അതിനെ മലിനമാക്കാതിരിക്കാനും ചെറുപ്പത്തിൽ തന്നെ നാം പരിശീലിക്കേണ്ടതുണ്ട്. അതിനിന്നു തന്നെ നമ്മുക്ക് തുടക്കവിടാം.

By Den Mathew
VB




SHARON 10D

വർണം

